"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - പത്തനംതിട്ട ജില്ലയിലെ മണിമലയാറിന് കുറുകെ പാറക്കടവ് പാലത്തിന്റെ നിർമ്മാണം - നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകി ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.36/2025/PWD തിരുവനന്തപുരം,തീയതി, 31-05-2025

---

പരാമർശം:-

1. 31.01.2016 തീയതിയിലെ സഉ(സാധാ)നം.1496/2016/PWD
2. 04.05.2019 തീയതിയിലെ സഉ(അച്ചടി)നം.54/2019/Fin
3. പ്രോജക്ട് ഡറയക്ടർ പി.എം.യു , കെ.ആർ.എഫ്.ബി-യുടെ 02.02.2025 തീയതിയിലെ PDKRFB-PTA023(68B)/1/2022-T2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ മണിമലയാറിന് കുറുകെ പാറക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് പരാമർശം (1) പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിക്കായി ക്ഷണിച്ച ആറാമത്തെ ടെണ്ടറിൽ M/s ഊരാളുങ്കൽ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്വാട്ട് ചെയ്ത തുകയായ 11,19,86,861.40/- രൂപ എസ്റ്റിമേറ്റ് പി.എ.സി തുകയായ 9,17,92,608.71/- രൂപയെക്കാൾ 22% വർദ്ധനവുള്ളതും, എൽ.എം.ആർ (Local Market Rate) തുകയായ 11,44,86,664.08/- രൂപയെക്കാൾ 2.18% കുറവുള്ളതും ആയിരുന്നു. 13.01.2025 ന് നടന്ന 56-ാമത് ടെൻഡർ അപ്രൂവൽ കമ്മറ്റിക്ക് മുമ്പാകെ ബിഡ് സമർപ്പിക്കുകയും ക്വാട്ട് ചെയ്ത തുക പരാമർശം (2) പ്രകാരമുള്ള നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം അംഗീകരിക്കാവുന്ന പരിധിയേക്കാൾ കൂടുതലായതിനാൽ അനുമതിക്കായി ബിഡ് സർക്കാരിന് സമർപ്പിക്കാൻ കമ്മിറ്റി ശിപാർശ ചെയ്തു. M/s. ഊരാളുങ്കൽ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സമർപ്പിച്ച 11,19,86,861.40/- രൂപയുടെ ടെണ്ടർ പരാമർശം (2) പ്രകാരമുള്ള നിലവിലെ മാനദണ്ഡങ്ങളിൽ ഇളവ് നൽകി അംഗീകരിക്കണമെന്ന് പരാമർശം (3) പ്രകാരം പ്രോജക്ട് ഡയറക്ടർ , പി.എം.യു - കെ.ആർ.എഫ്.ബി. അഭ്യർത്ഥിച്ചിരുന്നു.

| | | |
|---|---|---|
| 1 | Estimate PAC | 9,17,92,608.71/- |
| 2 | Current SoR + 10% | 10,09,71,870/- |
| 3 | LMR PAC | 11,44,86,664.08/- |
| | | |

| | | |
|---|---|---|
| 4 | Negotiated quoted amount | 11,19,86,861.40/- |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ മണിമലയാറിന് കുറുകെ പാറക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി ക്ഷണിച്ച ആറാമത്തെ ടെണ്ടറിൽ M/s ഊരാളുങ്കൽ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്വാട്ട് ചെയ്തതും എസ്റ്റിമേറ്റ് പി.എ.സി തുകയെക്കാൾ 22% വർദ്ധനവുള്ളതും, എൽ.എം.ആർ (Local Market Rate) തുകയെക്കാൾ 2.18% കുറവുള്ളതുമായ 11,19,86,861/- രൂപയുടെ (പതിനൊന്ന് കോടി പത്തൊൻപത് ലക്ഷത്തി എൺപത്താറായിരത്തി എണ്ണൂറ്റി അറുപത്തി ഒന്ന് രൂപ മാത്രം) ടെണ്ടർ അംഗീകരിക്കണമെന്ന പ്രോജക്ട് ഡയറക്ടർ , പി.എം.യു - കെ.ആർ.എഫ്.ബി-യുടെ അപേക്ഷ പരിഗണിച്ച് പരാമർശം (2) പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥയായ Quoted Rate/ LMR or DSoR 2018+10% whichever is less" എന്ന പരിധിയിൽ ഇളവ് നൽകി ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ചീഫ് എഞ്ചിനീയർ,നിരത്തുകൾ/പാലങ്ങൾ വിഭാഗം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്&എ&ഇ),കേരള,തിരുവനന്തപുരം
ധനകാര്യവകുപ്പ് (E-3056082 /I&PW-B3/35/2025-FIN Fin(I&PW-B)Dept.dated 03.04.2025)
പൊതുഭരണ (എസ്.സി)വകുപ്പ് (ഇനം നമ്പർ.2981 തീയതി - 28.05.2025)
ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ),ഐ&പി ആർഡി കരുതൽ ഫയൽ/ഡി1/59/2025/PWD

ഉത്തരവിൻ പ്രകാരം
Signed by
Chithra G S
Date: 03-06-2025 17:34:23
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു,പൊതുമരാമത്ത് മന്ത്രിയുടെ പി.എസ് - ന്
പൊതുമരാമത്ത് സെക്രട്ടറിയുടെ സി.എ - യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-05-2025

ഫയൽ നം. ഡി1/59/2025/പൊ.മ.വ. ഇനം നം: 2981

വിഷയം : പൊതുമരാമത്ത് വകുപ്പ് - പത്തനംതിട്ട ജില്ലയിലെ മണിമല ആറിന് കുറുകെ പാറക്കടവ് പാലം നിർമ്മാണം - നിലവിലുള്ള മാനദണ്ഡമായ Quoted amount/LMR or DSoR 2018+10% whichever is less എന്നതിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

2981'

# കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഡി 1/59/2025/പൊ.മ.വ |
| 2 | വകുപ്പ് | : | പൊതുമരാമത്ത്(ഡി) വകുപ്പ് |
| 3 | വിഷയം | : | പത്തനംതിട്ട ജില്ലയിലെ മണിമല ആറിന് കുറുകെ പാറക്കടവ് പാലം നിർമ്മാണം- നിലവിലുള്ള മാനദണ്ഡമായ Quoted amount/LMR or DSoR 2018+10% whichever is less എന്നതിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിക്കുന്നത്-സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 15/05/2025 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | ഉണ്ട് |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം | : | ഉണ്ട് |
| | മന്ത്രി സഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശ്രീദേവി ഇ എസ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 20.05.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23.05.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പി.എ.മുഹമ്മദ് റിയാസ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 24.05.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 26.05.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

പത്തനംതിട്ട ജില്ലയിലെ മണിമലയാറിന് കുറുകെ പാറക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് M/s.ഊരാളുങ്കൽ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സമർപ്പിച്ച ടെണ്ടർ അംഗീകരിക്കണമെന്ന പ്രോജക്ട് ഡയറക്ടർ, പി.എം.യു-കെ ആർ എഫ് ബിയുടെ അപേക്ഷ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ് .

2) പത്തനംതിട്ട ജില്ലയിലെ മണിമലയാറിന് കുറുകെ പാറക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് 31.01.2016 തീയതിയിലെ സഉ (സാധാ)നം.1496/2016/പൊമവ പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതിയും , 22.08.2024 തീയതിയിലെ PWD001-23-MISC-01 ഉത്തരവ് കിഫ്ബിയിൽ നിന്ന് 11.78 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും, 14.10.2024 ലെ PWD/KR/EST_TS/23625/2022_5_1_1 ഉത്തരവ് പ്രകാരം 11.793 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടായിരുന്നു.

3) DSoR 2016 നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് പി എ സി കണക്കാക്കി പ്രവൃത്തി നാല് തവണ ടെൻഡർ ചെയ്തു. 11.01.2019 ൽ നടത്തിയ ആദ്യ ടെണ്ടറിൽ ബിഡ് ഒന്നും ലഭിച്ചില്ല. 20.01.2020 ൽ നടത്തിയ രണ്ടാമത്തെ ടെണ്ടറിൽ എൽ 1 ബിഡ്ഡർ ക്വാട്ട് ചെയ്ത തുക കൂടുതൽ ആയതിനാലും, ബിഡ്ഡർ നെഗോഷിയേഷന് തയ്യാറാകാതിരുന്നതിനാലും പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്തു. 19.01.2021 ൽ നടത്തിയ മൂന്നാമത്തെ ടെണ്ടറിൽ എൽ 1 ബിഡ്ഡർ ക്വാട്ട് ചെയ്ത തുക കൂടുതൽ ആയതിനാൽ 25-ാം ടെണ്ടർ അപ്രൂവൽ കമ്മിറ്റി പ്രവൃത്തി റീടെണ്ടർ ചെയ്യാൻ നിർദ്ദേശം നൽകി. 29.07.2021 ൽ നടത്തിയ നാലാമത്തെ ടെണ്ടറിൽ എൽ 1 ബിഡ്ഡർ ക്വാട്ട് ചെയ്ത തുക 28-ാം ടെണ്ടർ അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചു എങ്കിലും കിഫ്ബിയിൽ നിന്ന് പുതുക്കിയ സാമ്പത്തിക അനുമതി ലഭ്യമാകാത്തതിനാൽ കോൺട്രാക്ടർക്ക് ലെറ്റർ ഓഫ് അക്സപ്റ്റൻസ്(LoA)നിശ്ചിത സമയപരിധിക്കുള്ളിൽ നൽകാൻ സാധിച്ചില്ല. DSoR 2018 നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് പി എ സി 9,17,92,608.71/- രൂപയായി പുതുക്കി

കണക്കാക്കി പ്രവൃത്തി വീണ്ടും 21.10.2024 ന് ടെണ്ടർ ചെയ്തു എങ്കിലും ബിഡ് ഒന്നും ലഭിച്ചില്ല. 06.11.2024 ൽ നടന്ന ആറാമത്തെ ടെണ്ടറിൽ ക്വോട്ട് ചെയ്ത M/s.ഊരാളുങ്കൽ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ന്റെ ബിഡ് തുക (11,19,86,861.40/-) എസ്റ്റിമേറ്റ് PAC-യെക്കാൾ 22% കൂടുതലും, എൽ.എം.ആർ( Local Market Rate) തുകയെക്കാൾ 2.18% കുറവും ആയിരുന്നു. 13.01.2025 ന് നടന്ന 56-ാമത് ടെൻഡർ അപ്രൂവൽ കമ്മറ്റിക്ക് മുമ്പാകെ ബിഡ് സമർപ്പിച്ചു. ക്വാട്ട് ചെയ്ത തുക നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം അംഗീകരിക്കാവുന്ന പരിധിയേക്കാൾ കൂടുതലായതിനാൽ അനുമതിക്കായി ബിഡ് സർക്കാരിന് സമർപ്പിക്കാൻ കമ്മിറ്റി ശിപാർശ ചെയ്തു. M/s.ഊരാളുങ്കൽ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സമർപ്പിച്ച 11,19,86,861.40/- രൂപയുടെ ടെണ്ടർ G.O (P) No. 54/2019/ Fin dated 04.05.2019 ഉത്തരവ് പ്രകാരമുള്ള നിലവിലെ മാനദണ്ഡങ്ങളിൽ ഇളവ് നൽകി അംഗീകരിക്കണമെന്ന് കെ.ആർ.എഫ്.ബി. - പി.എം.യു. പ്രോജക്ട് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പി.എ.സി, എൽ.എം.ആർ, ക്വാട്ട് ചെയ്ത തുക എന്നിവ താരതമ്യം ചെയ്തുകൊണ്ടുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | Estimate PAC | 9,17,92,608.71/- |
| 2 | Current SOR +10% | 10,09,71,870/- |
| 3 | LMR PAC | 11,44,86,664.08/- |
| 4 | Quoted amount | 11,19,86,861.40/- |

4) ഫയൽ ധനവകുപ്പിന് സമർപ്പിക്കുകയും ആ വകുപ്പ് ചുവടെ പറയും പ്രകാരം റിമാർക്സ് ലഭ്യമാക്കിയിട്ടുണ്ട്.

" *Administrative Department is informed that since this is the 6th call of tenders and estimate was modified as per the existing provisions, Administrative Department is advised to submit the proposal*

*before the Council of Minister for acceptance of the single bid received from M/s. Uralungal Labour Contract Co- Operative Society Ltd at the negotiated quoted amount of Rs.11,19,86,861.40/- which is 22% above the Estimate PAC and 2.18% below LMR estimate for the work of Construction of Parakkadavu Bridge across Manimala River in Pathanamthitta District. This has the approval of Hon'ble Minister(Finance)"*

5) പത്തനംതിട്ട ജില്ലയിലെ മണിമലയാറിന് കുറുകെയുള്ള പാറക്കടവ് പാലം മല്ലപ്പള്ളി-കീഴ്വയ്പൂർ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നതും, പാലം നിർമ്മാണം പൂർത്തിയാക്കിയാൽ കോഴഞ്ചേരി ടൗണിലെ തിരക്ക് കുറയ്ക്കാൻ സാധിക്കും എന്ന് പ്രൊജക്ട് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പാലം നിർമാണ പ്രവർത്തിയ്ക്കായി 6 തവണ tender ചെയ്യുകയുണ്ടായി.ആറാമത്തെ tender-ൽ പങ്കെടുത്ത ULCCS ക്വാട്ട് ചെയ്തത് EPAC-യെക്കാൾ 22% മുകളിലും എന്നാൽ LMR-നെക്കാൾ 2.18% കുറവുമാണ്.

6)പത്തനംതിട്ട ജില്ലയിലെ മണിമലയാറിന് കുറുകെയുള്ള പാറക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ക്ഷണിച്ച ആറാമത്തെ ടെണ്ടറിൽ M/s.ഊരാളുങ്കൽ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്ക്വാട്ട് ചെയ്തതും എസ്റ്റിമേറ്റ് PAC-തുകയെക്കാൾ 22% വർദ്ധനവുള്ളതും, DSOR+10% തുകയെക്കാൾ 10.91% വർദ്ധനവുള്ളതും, എൽ.എം.ആർ തുകയെക്കാൾ 2.18% കുറവുള്ളതുമായ 11,19,86,861.40/- രൂപയുടെ ടെണ്ടർ; 04.05.2019 തീയതിയിലെ സഉ(അച്ചടി)നം.54/2019/ഫിൻ പ്രകാരം നിലവിലുള്ള മാനദണ്ഡമായ " Quoted rate /LMR or DSOR 2018+10% whichever is less" എന്നതിൽ ഇളവ് വരുത്തിക്കൊണ്ട് അംഗീകരിക്കുന്നതിന് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള അനുമതിയ്ക്കായി ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കുകയും ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

## തീരുമാനിക്കേണ്ട വിഷയം

പത്തനംതിട്ട ജില്ലയിലെ മണിമലയാറിന് കുറുകെയുള്ള പാറക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ക്ഷണിച്ച ആറാമത്തെ ടെണ്ടറിൽ M/s.ഊരാളുങ്കൽ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്ക്വാട്ട് ചെയ്തതും എസ്റ്റിമേറ്റ് PAC-തുകയെക്കാൾ 22% വർദ്ധനവുള്ളതും, DSOR+10% തുകയെക്കാൾ 10.91% വർദ്ധനവുള്ളതും, എൽ.എം.ആർ തുകയെക്കാൾ 2.18% കുറവുള്ളതുമായ 11,19,86,861 /- രൂപയുടെ (പതിനൊന്ന് കോടി പത്തൊൻപത് ലക്ഷത്തി എൺപത്താറായിരത്തി എണ്ണൂറ്റി അറുപത്തൊന്ന് രൂപ മാത്രം) ടെണ്ടർ അംഗീകരിക്കണമെന്ന പ്രോജക്ട് ഡയറക്ടർ,പി എം യു-കെ ആർ എഫ് ബിയുടെ അപേക്ഷ പരിഗണിച്ച് G.O (P) No. 54/2019/ Fin dated 04.05.2019 ഉത്തരവിലെ വ്യവസ്ഥകളിൽ "Quoted amount/LMR or DSoR 2018+10% whichever is less" ഇളവ് നൽകി ടെണ്ടർ അംഗീകരിക്കാവുന്നതാണോ ?